അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഒഴിവുകൾ

31 [4905] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് സംസ്ഥാന ഗവൺമെന്റ് വിഹിതമായി അലവൻസ് നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ വീതം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് ബ്ലോക്കിൽ വർക്കർ, ഹെൽപ്പർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അംഗൻവാടി ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രത്യേകം അലവൻസ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങളിലും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ബന്ധപ്പെടുന്ന ഈ ജീവനക്കാർക്ക് ആരോഗ്യവകുപ്പിൽനിന്ന് പ്രത്യേക അലവൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ വിഹിതമായി അംഗൻവാടി ജീവനക്കാർക്ക് പ്രതിമാസം 300 രൂപ വീതം നൽകിവരുന്നുണ്ട്. 2002-03 വർഷത്തിൽ ഉത്സവബത്തയായി അംഗൻവാടി വർക്കർമാർക്ക് 425 രൂപയും ഹെൽപ്പർമാർക്ക് 375 രൂപയും അനുവദിച്ചിരുന്നു. ഇതു കൂടാതെ, കേരള വികസന പദ്ധതി, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രതിമാസം യഥാക്രമം 100 രൂപ, 50 രൂപ നിരക്കിൽ ഓണറേറിയം പഞ്ചായത്തുകളും നൽകിവരുന്നു.

(ബി) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചേർപ്പ് ബ്ലോക്കിൽ അംഗൻവാടി വർക്കർമാർ ഹെൽപ്പർമാർ എന്നിവരുടെ ഒഴിവുകൾ നികത്തുന്നതിന് തിരഞ്ഞെടുപ്പു നടത്തി സെലക്ഷൻ ലിസ്റ്റ് സാമൂഹ്യക്ഷേമ ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ഷൻ ലിസ്റ്റിൽ നിന്ന് അംഗൻവാടി ജീവനക്കാരുടെ നിയമനം നടത്തിവരുന്നു.

(ഡി) കേരള വികസന പദ്ധതി, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം 100 രൂപ വീതവും ഹെൽപ്പർമാർക്ക് പ്രതിമാസം 50 രൂപ വീതവും അതാത് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽനിന്നും ഓണറേറിയം (പ്രത്യേക അലവൻസായി) നൽകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly